ഞങ്ങൾക്ക് മുൻപ് പോലീസ് എസ്കോർട്ട് പോയിരുന്ന അന്തിക്കാട് അഡീഷണൽ എസ്.ഐ.യുടെ നേതൃത്വത്തിലുള്ള വണ്ടി ഉടനെതന്നെ നിറുത്തി, ഒപ്പം ശ്രീ. സി. പി. മുഹമ്മദും ഉണ്ടായിരുന്നു, ഉടനെ കുട്ടിയെ ആശുപത്രിയിൽ എത്തിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഡോക്ടർമാർ ഒന്നടങ്കം ഒരു ടീം ആയിനിന്ന് സാധ്യമായതെല്ലാം ആശുപത്രിയിൽനിന്ന് ചെയ്തിട്ടുണ്ട്. പ്രതിയെ കണ്ടെത്തുന്നതിന് പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ നടപടികളും മറ്റ് കാര്യങ്ങളും വളരെ ദ്രുതഗതിയിൽ നടന്നിട്ടുണ്ട്. മിനിഞ്ഞാന്നുതന്നെ ആശുപത്രിയിലെത്തി ആ കുട്ടിയുടെ അമ്മയേയും ബന്ധുക്കളേയുമൊക്കെ കണ്ട് സംസാരിച്ച് അടിയന്തരമായ സഹായങ്ങളൊക്കെ ചെയ്തിട്ടുണ്ട്. മരണപ്പെട്ട വാർത്ത ഇന്നലെ അറിഞ്ഞയുടനെ ഞങ്ങളെല്ലാവരും അവിടെ എത്തിയിട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കറും ശ്രീ. സി. പി. മുഹമ്മദും ശ്രീമതി പി. കെ. ശ്രീമതി ടീച്ചറും ഡെപ്യൂട്ടി സ്പീക്കറും അവിടെയെത്തിയിട്ടുണ്ടായിരുന്നു. ഇന്നലെ ആശുപത്രിയിലും ഇന്ന് പോസ്റ്റുമോർട്ടം കഴിഞ്ഞ് കൊണ്ടുവരുമ്പോഴും പതിനായിരങ്ങളാണ് തടിച്ചുകൂടിയത്. ഈ പറഞ്ഞ കാര്യങ്ങളെല്ലാം ആശ്വാസമുള്ളതാണ്. പക്ഷേ റെയിൽവേയുടെ ഭാഗത്തുനിന്നും അന്വേഷണത്തിന്റെ കാര്യത്തിലുള്ള അനാസ്ഥയെക്കുറിച്ച് ഒരു വാക്ക് പറയാതിരിക്കാൻ പറ്റുകയില്ല. സഹായം ഇന്നലെ പ്രഖ്യാപിച്ചുവെങ്കിലും ഒരു തരത്തിലുള്ള അന്വേഷണമേ വേണ്ട എന്ന രീതിയിൽ ഒരന്വേഷണവുമുണ്ടായില്ല. ഈ സംഭവത്തിൽ അതൊക്കെ ഗൗരവമായിട്ടെടുക്കണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ വേഗത്തിൽ ചർച്ചയൊക്കെ നടക്കും കാര്യങ്ങളുമൊക്കെ ചെയ്യും. ആ കുടുംബത്തിന് കൂടുതൽ സഹായം നല്കുന്നതിനുള്ള കാര്യങ്ങൾ മന്ത്രിസഭായോഗം ചേരുമ്പോൾ തീരുമാനിക്കും. റെയിൽവേ ഇപ്പോൾ പ്രഖ്യാപിച്ചത് സ്വാഗതം ചെയ്യുന്നതിനോടൊപ്പംതന്നെ കൂടുതൽ സഹായം നല്കണം. അവർ അത്രയും ദയനീയമായ സ്ഥിതിയിലാണ്. അതുകൊണ്ട് മന്ത്രിസഭാ യോഗത്തിൽ കൂടുതൽ ചർച്ച ചെയ്ത് സഹായം ചെയ്യാം. റെയിൽവേയെക്കൊണ്ട് കൂടുതൽ സഹായം ചെയ്യിപ്പിക്കുന്ന കാര്യങ്ങൾ ഉൾപ്പെടെ കൂടുതൽ ഇടപെടൽ വേണ്ടിവരുമെന്ന ഒരഭിപ്രായം ഇവിടെ രേഖപ്പെടുത്തിയെന്നു മാത്രമേയുള്ളു. ഞാൻ മറ്റൊരു ചർച്ചയ്ക്കുവേണ്ടി പറഞ്ഞതല്ല. അവിടെ ഇതിനെ സംബന്ധിച്ച് വലിയ പ്രതിഷേധമാണുണ്ടായിട്ടുള്ളത്.

3. മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ പെർമിറ്റ്

ശ്രീ. പി. വിശ്വൻ : സർ, മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ അനുവദിക്കുക, ലൂബ്രിക്കേഷൻ ഓയിൽ വിത്ത് കെറോസിൻ മിക്സഡ് വിത്ത് സബ്സിഡി വിത്തൗട്ട് പെർമിറ്റ് എന്നുള്ളതാണ് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനാവശ്യമായ ഇന്ധനമെന്നുള്ള നിലയിൽ മണ്ണെണ്ണ അനുദിനം ലഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഇന്ന് മത്സ്യത്തൊഴിലാളികൾക്ക് പെർമിറ്റ് പ്രകാരം ലഭിക്കുന്ന മണ്ണെണ്ണ യഥാർത്ഥത്തിൽ പര്യാപ്തമല്ല. മിക്കപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

പെർമിറ്റ് അനുസരിച്ചുള്ള മണ്ണെണ്ണ ലഭിക്കാറില്ല. അമിത വിലയ്ക്ക് ചില്ലറ വില്പനക്കാരിൽനിന്നും മണ്ണെണ്ണ വാങ്ങിച്ച് മത്സ്യബന്ധനം നടത്തേണ്ടിവരുന്നു. മത്സ്യബന്ധനത്തിന് പോയാൽത്തന്നെ പ്രതീക്ഷയില്ലാത്ത വരുമാനവും പ്രതിഫലമില്ലാത്ത അദ്ധ്വാനവുമായി കഴിയുന്ന മത്സ്യത്തൊഴിലാളി സമൂഹത്തെ രക്ഷിക്കാൻ സബ്സിഡി നിലനിർത്തിക്കൊണ്ട് ആവശ്യമായ ഇന്ധനം നൽകുവാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ബഹുമാനപ്പെട്ട ശ്രീ. പി. വിശ്വൻ ഉന്നയിച്ചിരിക്കുന്നത് കേരളത്തിലെ പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ ബാധിക്കുന്ന ഒരു പ്രശ്നമാണ്. കേന്ദ്ര സർക്കാർ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നതിനായി സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണ ഗാർഹിക പാചക ആവശ്യത്തിനും വിളക്കു കത്തിക്കുന്നതിനും മാത്രമേ ഉപയോഗിക്കാവൂ എന്ന് കേന്ദ്ര സർക്കാർ പ്രത്യേകം നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നിരുന്നാലും സംസ്ഥാനത്തെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കാര്യം പരിഗണനയിലെടുത്ത് സംസ്ഥാന സർക്കാർ കേന്ദ്രത്തിൽനിന്നും ലഭിക്കുന്ന മണ്ണെണ്ണയിൽനിന്നും മത്സ്യബന്ധനത്തിനാവശ്യമായ നിശ്ചിത അളവിൽ മണ്ണെണ്ണ അനുവദിച്ചിരുന്നു. 6-4-2008-ൽ സംയുക്ത ഏകദിന പരിശോധന നടത്തിയതിൽ സാധുവായവർക്കുള്ള പെർമിറ്റുകൾക്ക് വിതരണം ചെയ്യാനായി പ്രതിമാസം 2532 കിലോലിറ്റർ മണ്ണെണ്ണ ആവശ്യമായിട്ടുള്ളതാണ്. സംസ്ഥാനത്ത് 2010 മാർച്ച് മാസം വരെ പ്രതിമാസം 23160 കിലോലിറ്റർ മണ്ണെണ്ണയാണ് കേന്ദ്രം അനുവദിച്ചിരുന്നത്. എന്നാൽ 2010 ഏപ്രിൽ മാസം മുതൽ മണ്ണെണ്ണയുടെ അലോട്ട്മെന്റിൽ 4004 കിലോലിറ്റർ കുറവു വരുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് നല്കിക്കൊണ്ടിരുന്ന മണ്ണെണ്ണയിൽ ആനുപാതികമായ കുറവ് വരുത്തേണ്ടിവന്നുവെങ്കിലും തുടർന്ന് ആ കുറവ് പൂർണ്ണമായി പരിഹരിക്കുകയും ചെയ്തു. മണ്ണെണ്ണയുടെ അലോട്ട്മെന്റിലുണ്ടായ ഈ കുറവുമൂലം നിലവിലുള്ള റേഷൻ കാർഡുകൾക്കും പെർമിറ്റുകൾക്കും നിർദ്ദിഷ്ട അളവിൽ മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. മാത്രമല്ല പുതിയ റേഷൻകാർഡുകളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരുന്നതിനാൽ മണ്ണെണ്ണയുടെ ആവശ്യം ഓരോ മാസവും വർദ്ധിക്കുകയും എല്ലാ വിഭാഗങ്ങൾക്കും അർഹതപ്പെട്ട നിരക്കിൽ വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം സംജാതമാവുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും മത്സ്യബന്ധന ആവശ്യത്തിനായി പ്രതിമാസം നിലവിൽ വിതരണം ചെയ്തുവരുന്ന 2532 കിലോലിറ്റർ മണ്ണെണ്ണ ഇപ്പോഴും വിതരണം ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണയിൽ കുറവുവരുത്തിയതുമൂലമുണ്ടായ ബുദ്ധിമുട്ടുകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഇത് പുനഃപരിശോധിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഗാർഹിക എൽ.പി.ജി. കണക്ഷനും വൈദ്യുതീകരണ വീടുകളുടെയും എണ്ണവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരേ ആവശ്യത്തിന് രണ്ടുതരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

സബ്സിഡി അനുവദിക്കാൻ നിർവ്വാഹമില്ലെന്ന മറുപടിയാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ഇക്കാര്യം ഭക്ഷ്യവകുപ്പുമന്ത്രി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ മത്സ്യബന്ധന മേഖലയിലെ സംഘടനാപ്രതിനിധികളുമായി 2-1-2011-ന് വിശദമായി ചർച്ച ചെയ്യുകയുണ്ടായി. പി.ഡി.എസ്. മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി. ഉപയോഗിക്കാനാണ് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം നല്കിയിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് പൂർണ്ണമായ തോതിൽ മണ്ണെണ്ണ ലഭ്യമാക്കുകയാണെങ്കിൽ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ആവശ്യമനുസരിച്ച് പുതിയ മണ്ണെണ്ണ പെർമിറ്റുകൾ വിതരണം ചെയ്യാൻ സാധിക്കും. അതോടൊപ്പം നോൺ-പി.ഡി.എസ്. മണ്ണെണ്ണ ലഭ്യമാക്കുന്ന കാര്യവും സർക്കാർ ഗൗരവമായി പരിശോധിച്ചു വരികയാണ്.

4. ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ടുള്ള ഹൈക്കോടതി നിർദ്ദേശം

ശ്രീ. വി. ശിവൻകുട്ടി : സർ, പ്രശസ്തമായ ആറ്റുകാൽ പൊങ്കാല മഹോത്സവം ഫെബ്രുവരി മാസം 19-ാം തീയതിയാണ് നിശ്ചയിച്ചിരിക്കുന്നത്. കഴിഞ്ഞ പ്രാവശ്യം ഏതാണ്ട് ഇരുപത് ലക്ഷത്തിലധികം സ്ത്രീകൾ ഈ മഹോത്സവത്തിൽ കേരളത്തിലെമ്പാടുനിന്നും പുറത്തുനിന്നും പങ്കെടുത്തതായാണ് കണക്കുകളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത് ഗിന്നസ് ബുക്കിൽതന്നെ റിക്കാർഡ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തിയിലെ 18 കോർപ്പറേഷൻ വാർഡുകളിലാണ് ഈ മഹോത്സവത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത്. സംസ്ഥാന ഗവൺമെന്റും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും എല്ലാവിധ സഹായവും പിന്തുണയും ശബരിമലയിൽ ചെയ്യുന്നതുപോലെതന്നെ ഇതിനും ചെയ്തുകൊടുക്കാറുണ്ട്. ഇരുപത് ലക്ഷത്തോളം വരുന്ന സ്ത്രീകൾ വന്നിറങ്ങുന്ന ഒരു സ്ഥലമെന്നുള്ള നിലയിൽ കഴിഞ്ഞ അമ്പതുവർഷത്തെ പൊങ്കാലയുടെ ചരിത്രം പരിശോധിച്ചു നോക്കിയാൽ ഒരു പരാതിയോ അപശബ്ദമോ ആർക്കെങ്കിലും എന്തെങ്കിലും ബുദ്ധിമുട്ടോ ഉണ്ടായതായുള്ള ഒരു വിവരവും പോലീസ് സ്റ്റേഷനിലോ അല്ലെങ്കിൽ ആരുടെ ശ്രദ്ധയിലോപെട്ടിട്ടില്ല. ഇപ്പോൾ കോടതിയിൽ ഡബ്ല്യൂ.പി.സി. 3319/2011 എസ്. നമ്പരിൽ ഒരു വ്യക്തി കേസ് നൽകിയിട്ടുണ്ട്. കേസിനെ സംബന്ധിച്ചിടത്തോളം ബന്ധപ്പെട്ടവരോട് ആരുംതന്നെ അതിന്റെ കാര്യങ്ങൾ ആരായാതെ ഏകപക്ഷീയമായ ഒരു വിധിയാണ് കോടതി പുറപ്പെടുവിച്ചിട്ടുള്ളത്. വിധിയിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ സ്റ്റേറ്റ് ഗവൺമെന്റും ഡി.ജി.പി.യുമാണ് വന്നിട്ടുള്ളത്. റോഡിൽ ഒരു കാരണവശാലും ബ്ലോക്കുണ്ടാകാൻ പാടില്ല എന്നുള്ളത് ഉറപ്പുവരുത്തണമെന്ന നിലയിലുള്ള നിർദ്ദേശമാണ് അവർക്ക് ബഹുമാനപ്പെട്ട ഡിവിഷൻ ബെഞ്ച് കൊടുത്തിരിക്കുന്നത്. തിരുവനന്തപുരം സിറ്റിയിലുള്ള പ്രധാനപ്പെട്ട മൂന്ന് ഗ്രൗണ്ട് എന്നു പറയുന്നത്: സെൻട്രൽ സ്റ്റേഡിയം, പോലീസ് സ്റ്റേഡിയം, പുത്തരിക്കണ്ടം മൈതാനം എന്നിവയാണ്. ഇതിന്റെ മൂന്നിന്റെയും കൂടി കപ്പാസിറ്റി നോക്കിക്കഴിഞ്ഞാൽ ഒരുലക്ഷത്തി ഇരുപതിനായിരം അല്ലെങ്കിൽ ഒന്നര ലക്ഷത്തോളംവരുന്ന ആൾക്കാർക്കുമാത്രമേ നിൽക്കാനോ പങ്കെടുക്കാനോ ഉള്ള സൗകര്യം ഉണ്ടാകുകയുള്ളൂ. 18 കോർപ്പറേഷൻ

LIBRARY ARCHIVES Kerala Legislative Assembly